File No.GEDN-R1/351/2021-G.EDN

203990/21/DHSE

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമന ഉത്തരവ് ലഭിച്ചവരെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്

സ.ഉ.(സാധാ) നം.3287/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 06/07/2021

---

പരാമർശം: 1 09.12.2020-ലെ GEDN-R1/272/2020-G.EDN നമ്പർ കത്ത്.

2 21.02.2021-ലെ സ.ഉ (എം.എസ്) നം.28/2021/പൊ.വി.വ

3 28.06.2021-ൽ ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വീഡിയോ കോൺഫറൻസിന്റെ മിനിസ്റ്റ്.

4. 05.07.2021-ലെ സ.ഉ.(സാധാ).നം.3464/2021/പൊ.വി.വ ഉത്തരവ്

5 05.07.2021-ലെ സ.ഉ.(സാധാ).നം.3465/2021/പൊ.വി.വ ഉത്തരവ്

**<u>ഉത്തരവ്</u>**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകളിലേയ്ക്ക് അദ്ധ്യാപക നിയമനത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശുപാർശ ലഭിച്ചവർക്ക് സ്കൂളുകൾ തുറന്ന് റഗുലർ ക്ലാസ്സുകൾ ആരംഭിക്കുന്ന മുറയ്ക്ക് ജോലിയിൽ പ്രവേശിക്കാമെന്ന നിബന്ധനയോടെ നിയമന ഉത്തരവുകൾ നൽകാവുന്നതാണ് എന്ന് അഡ്വക്കേറ്റ് ജനറൽ ഉപദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വ്യവസ്ഥയോടെ ഹയർ സെക്കന്ററി വിഭാഗം ഉൾപ്പെടെയുള്ള അദ്ധ്യാപക തസ്തികയിലേയ്ക്ക് നിയമന ശുപാർശ ലഭിച്ച എല്ലാവർക്കും നിയമന ഉത്തരവുകൾ നൽകാനുള്ള നിർദ്ദേശം പരാമർശം (1) കത്ത് പ്രകാരം നൽകുകയുണ്ടായി.

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ 2021-2022 അദ്ധ്യയന വർഷത്തിലും സ്കൂളുകൾ തുറന്ന് ക്ലാസ്സുകൾ ആരംഭിക്കാനാകാത്ത സാഹചര്യത്തിൽ അദ്ധ്യാപക നിയമനം സംബന്ധിച്ച വിഷയത്തിൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28.06.2021-ൽ വീഡിയോ കോൺഫറൻസ് മുഖേന യോഗം ചേരുകയുണ്ടായി. പരാമർശം (3) തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പരാമർശം (4) ഉത്തരവ് പുനപരിശോധനയെ തുടർന്ന് പരാമർശം (5) ഉത്തരവ് പ്രകാരം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

1. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2019-20 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ തന്നെ 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിലും തുടരും.

2. സർക്കാർ സ്കൂളുകളിൽ ഹയർ സെക്കന്ററി, വെക്കേഷണൽ ഹയർ സെക്കന്ററി

ഉൾപ്പെടെയുള്ള അദ്ധ്യാപക തസ്തികകളിലും, ലാബ് അസിസ്റ്റന്റ് തസ്തികളിലും പി.എസ്.സി അഡ്വൈസിനെ തുടർന്ന് നിയമന ഉത്തരവ് ലഭിച്ചവരെ 15.07.2021 മുതൽ സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതാണ്. നിലവിൽ അഡ്വൈസ് മെമ്മോ ലഭിച്ചവർക്കും അടിയന്തിരമായി നിയമന ഉത്തരവ് നൽകി സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതാണ്.

3. 2019-20-ലെ സ്റ്റാഫ് ഫിക്സേഷൻ തന്നെ 2020-21 വർഷത്തിലും തുടരുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പ്രഥമ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും തസ്തികകൾ ഒഴികെ മറ്റ് തസ്തികകളിൽ നിയമനം പാടില്ല എന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. 2021-2022 വർഷത്തിലും 2019-20 ലെ സ്റ്റാഫ് ഫിക്സേഷൻ തുടരുന്നതിനാൽ 2021-22 വർഷം എയ്ഡഡ് സ്കൂളുകളിൽ റഗുലർ തസ്തികകളിലുണ്ടാകുന്ന (റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ,മരണം തുടങ്ങിയവ) അദ്ധ്യാപക ഒഴിവുകൾ ചട്ടപ്രകാരമുള്ള നിയമന നടപടികൾ പാലിച്ച് 15.07.2021 മുതൽ മാനേജർമാർക്ക് നിയമനം നടത്താവുന്നതാണ്. സമന്വയ പോർട്ടൽ വഴി സമർപ്പിക്കപ്പെടുന്ന പ്രൊപ്പോസലുകൾ വിദ്യാഭ്യാസ ഓഫീസർമാർ ഒരു മാസത്തിനുള്ളിൽ തന്നെ തീർപ്പാക്കേണ്ടതാണ്. ഈ നടപടികൾ വിദ്യാഭ്യാസ ഓഫീസർമാർ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

4. പുതിയതായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

**പകർപ്പ്**

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ഉത്തരവിൻ പ്രകാരം
Signed by Somaraj K G
Date: 06-07-2021 18:19:38
Reason: Approved

Endt No. Acd C2/203990/2021/HSE dtd.09/07/2021

എല്ലാ ആർ.ഡി.ഡി.മാരും എല്ലാ സർക്കാർ/എയ്ഡഡ് ഹ.സെ. സ്കൂൾ പ്രിൻസിപ്പൽമാരും മേൽ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

ഡയറക്ടർ